(ബി) യൂറോപ്യൻ യൂണിയനും ബ്രിട്ടനും നടപ്പിലാക്കി വരുന്ന വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണ പദ്ധതികളും യൂറോപ്യൻ യൂണിയനും ജർമ്മനി പോലുള്ള രാജ്യങ്ങളും നടപ്പിലാക്കിവരുന്ന അജൈവമാലിന്യങ്ങളുടെ പുനഃചംക്രമണ പദ്ധതിയും ഇവിടെ നടപ്പിലാക്കാൻ നടപടി എടുത്തിട്ടുണ്ട്.

കേരള റിയൽ എസ്റ്റേറ്റ് (റഗുലേഷൻ & ഡെവലപ്മെന്റ്) നിയമം

128 (1564) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള റിയൽ എസ്റ്റേറ്റ് (റഗുലേഷൻ &ഡവലപ്മെന്റ്) നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) ഇതിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരള റിയൽ എസ്റ്റേറ്റ് (റഗുലേഷൻ&ഡവലപ്മെന്റ്) ബിൽ നിയമമായിട്ടില്ല. സമീപകാലത്ത് ഫ്ലാറ്റ് നിർമ്മാണ രംഗത്ത് ഉടലെടുത്ത വിവാദങ്ങളുടെ അടിസ്ഥാനത്തിൽ നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും ഈ രംഗത്തെ തട്ടിപ്പും വെട്ടിപ്പും നിയന്ത്രിക്കുന്നതിനും ഉപഭോക്താക്കളുടെ താത്പര്യം സംരക്ഷിക്കുന്നതിനും ഉടമ്പടിയിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നതിനും ധനവിനിയോഗം നിയന്ത്രിക്കുന്നതിനുമായി ഒരു സ്റ്റേറ്റ് റിയൽ എസ്റ്റേറ്റ് അതോറിറ്റിക്ക് രൂപം കൊടുക്കുന്ന കാര്യം പരിഗണനയിലുള്ളതായി ബഹു. മുഖ്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിക്കുകയുണ്ടായി. ക്വാസി ജുഡീഷ്യൽ അധികാരത്തോടു കൂടിയുള്ളതും കക്ഷികളും കെട്ടിട നിർമ്മാതാക്കളും തമ്മിലുള്ള തർക്കങ്ങൾക്ക് തീർപ്പ് കൽപ്പിക്കുവാൻ പര്യാപ്തവുമായ അതോറിറ്റി രൂപീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ ബിൽ.

കേരള സുസ്ഥിര നഗരവികസന പദ്ധതി

129 (1565) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-2015 സാമ്പത്തിക വർഷം കേരള സുസ്ഥിര നഗരവികസന പദ്ധതി മുഖേന കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി വിവിധ നഗരസഭകളുടെ ഏതെല്ലാം ശുദ്ധജല വിതരണ പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ടുകളാണ് സമർപ്പിച്ചത് ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് ഇതിനോടകം അംഗീകാരം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ബാക്കിയുള്ള പ്രോജക്ടുകൾക്ക് അംഗീകാരം ലഭിക്കുവാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014-2015 സാമ്പത്തിക വർഷം കേരള സുസ്ഥിര നഗരവികസന പദ്ധതി മുഖേന കേന്ദ്ര സർക്കാരിന് പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.

പൊതുസ്ഥലങ്ങളിലെ പരസ്യപ്രദർശനം

130 (1566) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുനിരത്തുകളിലെ വൈദ്യുതി കാലുകളിലും പൊതുസ്ഥലങ്ങളിലും പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് അടുത്ത കാലത്ത് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതിൽനിന്നും ലഭിക്കുന്ന വരുമാനം ആർക്കൊക്കെ വീതിച്ചുനൽകുന്നതിനാണ് തീരുമാനം എടുത്തിരിക്കുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത നടപടിമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് വരുമെന്ന് കരുതുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പൊതുനിരത്തുകളിലെ വൈദ്യുതി കാലുകളിലും പൊതുസ്ഥലങ്ങൾ കയ്യേറിയും സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ നീക്കം ചെയ്ത് പകരം സംവിധാനം ഏർപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. പൊതു നിരത്തിലെ വൈദ്യുത കാലുകളിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ, നോട്ടീസുകൾ, ഫ്ലക്സ് ബോർഡുകൾ എന്നിവ നീക്കം ചെയ്തുകൊണ്ട് അവയ്ക്ക് ചുറ്റിലും നിശ്ചിത വലിപ്പത്തിൽ അലുമിനിയം ക്ലാഡിംഗ് സ്ഥാപിച്ച്/പെയിന്റ് ചെയ്ത് വൃത്തിയാക്കി നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/റോഡുകളുടെ പരിപാലന ചുമതലയുള്ളവർ എന്നിവരുടെ അനുമതിയോടെ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവയുടെ പരിപാലനത്തിലും അഞ്ചു വർഷത്തെ പ്രാഥമിക കാലയളവിലേക്ക് കെ.എസ്.ഇ.ബി.-യുമായി കരാറിലേർപ്പെട്ടുകൊണ്ട് തുടർനടപടികളെടുക്കുവാൻ ക്ലീൻ കേരള കമ്പനിയെ അധികാരപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly